മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ) : സർ, വ്യക്തമായ പഠനങ്ങൾക്കുശേഷം പുതിയ റോഡിന്റെ അലൈൻമെന്റ് പ്ലാൻ ഉന്നത തലത്തിൽ അംഗീകരിച്ചതിനുശേഷമാണ് എം.സി. റോഡിന്റെ പണികൾ കെ.എസ്.ടി.പി. തുടങ്ങിയത്. അതിൻപ്രകാരമാണ് അതിർത്തിക്കല്ലുകളിട്ട് ഭൂമി ഏറ്റെടുത്തിരിക്കുന്നത്. വെഞ്ഞാറമൂട് ജംഗ്ഷനിൽ ഉണ്ടെന്നുപറയുന്ന പുറംപോക്ക് ഭൂമി കൂടിയെടുത്ത് റോഡ് വികസനം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇവിടെ പുറംപോക്കു ഭൂമി നിലവിലുള്ള കാര്യം അലൈൻമെന്റ് പ്ലാൻ അംഗീകരിക്കുന്ന സമയത്ത് കണക്കിലെടുത്തിട്ടില്ലായിരുന്നു. ഇപ്പോൾ പുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ നടപടി പൂർത്തിയായാൽ എല്ലാ പുറംപോക്ക് ഭൂമിയിലെയും കെട്ടിടങ്ങൾ ഒഴിപ്പിച്ച് റോഡിനുവേണ്ടി സ്ഥലം കെ.എസ്.ടി.പി ഏറ്റെടുക്കുന്നതാണ്. വെഞ്ഞാറമൂട് ജംഗ്ഷനിൽ ഏറ്റെടുത്ത സ്ഥലത്ത് അനധികൃതമായി പണി കഴിപ്പിച്ച പുതിയ കെട്ടിടങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഹൈവെ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ നോട്ടീസ് കൊടുത്തിരിക്കുകയാണ്. ഇത് ഒഴിപ്പിക്കുന്നതിനാവശ്യമായ എല്ലാ നിയമ നടപടികളും സ്വീകരിക്കുന്നതാണ്. നേരത്തെ അംഗീകരിച്ച അലൈൻമെന്റ് പ്ലാനിൽനിന്നും വെഞ്ഞാറമൂട് ജംഗ്ഷന്റെ രൂപകൽപ്പനയ്ക്ക് യാതൊരു മാറ്റവും വരുത്തിയിട്ടില്ല. തുടർന്നുള്ള സർവ്വേയിൽ ജംഗ്ഷന്റെ വലതുവശത്ത് പുറംപോക്ക് ഭൂമിയുണ്ടെന്ന് അറിഞ്ഞതിനാൽ അത് കണ്ടെത്തി ആ സ്ഥലം പാർക്കിംഗ് ഏരിയയായി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇതുമായി ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്യുന്നതിൽ ഗവൺമെന്റിന് താൽപര്യം മാത്രമേയുള്ളൂ. പക്ഷേ കാര്യങ്ങൾ നടക്കുന്നതിനിടയിൽ പ്രവൃത്തി തുടർന്നുകൊണ്ടു പോകുന്നതിനുള്ള സഹകരണം ബഹുമാനപ്പെട്ട മെമ്പർ തന്നെ മുൻകയ്യെടുത്ത് ഉണ്ടാക്കണമെന്നു കൂടി ഗവൺമെന്റിനുവേണ്ടി ഞാൻ അഭ്യർത്ഥിക്കുന്നു.

(2) ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ 1996-ൽ ആരംഭിച്ച ജലവിതരണ പദ്ധതി

ശ്രീ. വി. സി. കബീർ : സർ, ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ 10 കോടി രൂപയുടെ വാട്ടർ സപ്ലൈസ്കീമിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് പത്ത് കൊല്ലമായി. അത് ഒച്ചിന്റെ വേഗതയിലാണ് നടക്കുന്നത്. ഒന്നാംഘട്ട പണി ഇപ്പോൾതന്നെ പൂർത്തിയാക്കുമെന്നാണ് മന്ത്രി വാക്കുതന്നിരുന്നത്. ഏതാണ്ട് ഒന്നാംഘട്ടം പണി പൂർത്തിയാക്കാനുള്ള സമയമായിരിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ആ പദ്ധതി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഉടൻതന്നെ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, എൽ.ഐ.സി.-യുടെ സഹായത്തോടുകൂടിയുള്ള, ഒറ്റപ്പാലം മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 1996-ൽ 995 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും 24-5-1996-ൽ സാങ്കേതികാനുമതിയും നൽകിയതാണ്. ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ സ്രോതസ് ഭാരതപ്പുഴയാണ്. ഭാരതപ്പുഴയിലെ കൂട്ടിലമുക്കിൽ നിർദ്ദിഷ്ട തടയണ, സംഭരണ കിണർ, ശുദ്ധീകരണശാല, ക്ലിയർ വാട്ടർ കം പമ്പ് ഹൗസ്, കോമ്പൗണ്ട് വാൾ, റാ വാട്ടർ ക്ലിയർ വാട്ടർ, പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, വിവിധ മേഖലകളിലേയ്ക്കുള്ള സംഭരണികൾ, വിതരണശൃംഖല എന്നിവയാണ് പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ. കൂട്ടിലമുക്കിലെ സംഭരണ കിണറും പമ്പ് ഹൗസും ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും പോസ്റ്റർ പമ്പ് ഹൗസ്, നാല് മീറ്റർ ദൈർഘ്യം വരുന്ന വിതരണ ശൃംഖല ഇവ ഇതിനകം പൂർത്തിയായിട്ടുണ്ട്. ജലസംഭരണിക്ക് പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് നിർദ്ദേശിച്ചിരുന്ന സ്ഥലം ലഭ്യമാകാത്തതിനാൽ പകരം സ്ഥലം കണ്ടെത്തുകയും പ്രസ്തുത വ്യതിയാനം പമ്പ്സെറ്റ് ഇവയിൽ വന്ന മാറ്റം 5-1-2004-ൽ അംഗീകരിച്ച് ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ഒറ്റപ്പാലം ശുദ്ധജല വിതരണ പദ്ധതിയുടെ സംഭരണക്കിണറിന് താഴെയാണ് ഒരു തടയണ വിഭാവനം ചെയ്തിട്ടുള്ളത്. തൃശ്ശൂർ ഡിവിഷനുകീഴിലുള്ള തിരുവില്വാമല കൊണ്ടോഴി ശുദ്ധജലവിതരണ പദ്ധതിക്കും കൂടി ഉപയുക്തമാകുന്ന തരത്തിലാണ് നിർദ്ദിഷ്ട തടയണ. പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം 93.75 ലക്ഷം രൂപയാണ് മൊത്തം മതിപ്പ് ചെലവ് കണക്കാക്കുന്നത്. എൽ.ഐ.സി-യുടെ സഹായത്തോടുകൂടി ഒറ്റപ്പാലം ശുദ്ധജല വിതരണ പദ്ധതിയുടെ ഓഹരി 4464.67 ലക്ഷം രൂപയാണ്. പദ്ധതിയുടെ ബാക്കി തുക സംസ്ഥാന വിഹിതമാണ്. ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതയാണ് ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിന് തടസ്സമായി നിൽക്കുന്നത്. ഒറ്റപ്പാലം പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഗണിച്ച് ഈ പദ്ധതി കഴിയുന്നതും വേഗം പൂർത്തിയാക്കാൻ ധനലഭ്യതയുടെകൂടി അടിസ്ഥാനത്തിൽ ഗവൺമെന്റ് മുന്നോട്ടു നീങ്ങുന്നതാണ്.

(3) ചുള്ളിമാനൂർ കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. നെടുമങ്ങാട് സെക്ഷൻ ഓഫീസ് ജനങ്ങൾക്ക് ഏറ്റവും വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന അവസ്ഥയിലാണ്. മുപ്പതിനായിരത്തിലേറെ കൺസ്യൂമേഴ്സാണ് ഈ സെക്ഷൻ ഓഫീസിന് കീഴിലുള്ളത്. നെടുമങ്ങാട് മുനിസിപ്പാലിറ്റി, ആനാട്, പനവൂർ പഞ്ചായത്തുകൾ; വാമനപുരം മണ്ഡലത്തിലെ പുന്നംപാറ പഞ്ചായത്ത്, ആര്യനാട് മണ്ഡലത്തിലെ തൊളിക്കോട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾ ഇത്രയും പ്രദേശങ്ങൾ വരുന്ന കൺസ്യൂമേഴ്സ് എല്ലാം നെടുമങ്ങാട് സെക്ഷൻ ഓഫീസിനെയാണ് ആശ്രയിക്കുന്നത്. ഇരുപതിനായിരത്തിലേറെ കൺസ്യൂമേഴ്സ് കഴിഞ്ഞാൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുമെന്നാണ് ഗവൺമെന്റ് നേരത്തെ വ്യക്തമാക്കിയിരുന്നത്. നെടുമങ്ങാട് സെക്ഷൻ ഓഫീസിൽ ഗുണഭോക്താക്കൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നെടുമങ്ങാട് സെക്ഷൻ ഓഫീസ് വിഭജിച്ച് ആനാട്, പുല്ലംപാറ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ചുള്ളിമാനൂർ കേന്ദ്രീകരിച്ച് വൈദ്യുതി ബോർഡിന്റെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly